# ഈശോമിശിഹായുടെ വിലയേറിയ തിരുരക്തത്തിനുള്ള പ്രതിഷ്ഠാജപം

ഓ, കരുതലുള്ളവനും കാരുണ്യപൂർണ്ണനുമായ രക്ഷകാ, എന്റെ നിസാരതയാലും അവിടുത്തെ മഹനീയതയാലും ഞാൻ എന്നെത്തന്നെ അവിടുത്തെ പാദത്തിങ്കൽ സമർപ്പിക്കുന്നു. അങ്ങയുടെ നന്ദിഹീനനായ ഈ സൃഷ്ടിക്കു കാണിച്ചുതന്ന അവിടുത്തെ കൃപയുടെ നിരവധിയായ അടയാളങ്ങളെയോർത്ത് അങ്ങേക്ക് നന്ദിപറയുന്നു. സാത്താന്റെ നശീകരണ ശക്തിയിൽ നിന്നു അങ്ങയുടെ തിരുരക്തത്താൽ എന്നെ മോചിപ്പിച്ചതിനു ഞാൻ അങ്ങേക്കു വിശിഷ്യാ നന്ദി പറയുന്നു.

ഓ, നല്ല ഈശോയേ, എന്റെ സ്നേഹമുള്ള അമ്മയായ മറിയത്തിന്റെയും കാവൽ മാലാഖയുടെയും നാമഹേതുക വിശുദ്ധന്റെയും സ്വർഗത്തിലെ സകല വൃന്ദങ്ങളുടെയും സാന്നിധ്യത്തിൽ സ്വതന്ത്ര മനസോടും സത്യസന്ധമായ ഒരു ഹൃദയത്തോടുംകൂടി, ലോകത്തെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും നരകത്തിൽ നിന്നും രക്ഷിച്ച അങ്ങയുടെ വിലയേറിയ തിരുരക്തത്തിനു ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

അവിടുത്തെ കൃപയുടെ സഹായത്തോടും എന്റെ സർവശക്തിയോടുംകൂടി ഞങ്ങളുടെ രക്ഷയുടെ വിലയായ അങ്ങയുടെ വിലയേറിയ തിരുരക്തത്തോടുള്ള ഭക്തി വളർത്തുകയും അതിനെ ഉദ്ദീപിപ്പിക്കുകയും ചെയ്യുമെന്നു ഞാൻ അങ്ങയോടു വാഗ്ദാനം ചെയ്യുന്നു. അങ്ങനെ ആരാധ്യമായ അങ്ങയുടെ തിരുരക്തം സകലരാലും ബഹുമാനിക്കപ്പെടുന്നതിനും മഹത്വീകരിക്കപ്പെടുന്നതിനും ഇടയാകട്ടെ. ഇതുവഴി അങ്ങയുടെ സ്നേഹത്തിന്റെ വിലതീരാത്ത രക്തത്തോടുള്ള എന്റെ അവിശ്വസ്തതയുടെ കേടുപോക്കുവാനും ലോകം മുഴുവനും തങ്ങളുടെ രക്ഷയുടെ അനന്യമായ വിലയ്ക്കെതിരായി ചെയ്യുന്ന നിന്ദനങ്ങൾക്കു പരിഹാരമനുഷ്ഠിക്കാനും ഞാൻ ആഗ്രഹിക്കുന്നു.

ഓ, പരിശുദ്ധവും വിലതീരാത്തതുമായ തിരുരക്തമേ, അങ്ങേയ്ക്കെതിരായി ചെയ്യപ്പെട്ട എന്റെതന്നെ പാപങ്ങളും മന്ദതയും സകല ധിക്കാരപ്രവൃത്തികളും ഒരിക്കലും ചെയ്യപ്പെടാതിരുന്നെങ്കിൽ!. സ്നേഹനിധിയായ ഈശോയേ, അവിടുത്തെ പരിശുദ്ധ മാതാവും വിശ്വസ്തരായ ശ്ലീഹന്മാരും സകല വിശുദ്ധരും അങ്ങയുടെ വിലയേറിയ തിരുരക്തത്തിനു നൽകിയ സ്നേഹവും ബഹുമാനവും ആരാധനയും ഇതാ ഞാൻ അങ്ങേയ്ക്കു സമർപ്പിക്കുന്നു. എന്റെ കഴിഞ്ഞകാലത്തെ അവിശ്വസ്തതകളെയും മന്ദതയെയും മറക്കുകയും അങ്ങയെ വേദനിപ്പിക്കുന്ന എല്ലാവരോടും ക്ഷമിക്കുകയും ചെയ്യണമേയെന്നു ഞാൻ പ്രാർഥിക്കുന്നു.

ഓ, ദിവ്യരക്ഷകാ, എന്നെയും സകലജനങ്ങളെയും അവിടുത്തെ വിലയേറിയ തിരുരക്തത്താൽ തളിക്കുക. അങ്ങനെ, ഓ, ക്രൂശിക്കപ്പെട്ട സ്നേഹമേ, ഞങ്ങൾ ഇപ്പോൾ മുതൽ പൂർണ്ണ ഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുകയും ഉചിതമായി ഞങ്ങളുടെ രക്ഷയുടെ വിലയെ ആദരിക്കുകയും ചെയ്യട്ടെ...ആമ്മേൻ.

ഓ, പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ സഹായത്തിനായി ഞങ്ങൾ ഓടിയണയുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ... പ്രത്യുത, സകല അപകടങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ..ഓ, നിത്യമഹത്വപൂരിതയായ പരിശുദ്ധ കന്യകയേ, ആമ്മേൻ..

ഈ ഭക്തിയുടെ എല്ലാ അഭ്യുദയകാംക്ഷികൾക്കുംവേണ്ടി, 1സ്വർഗസ്ഥനായ.. 1നന്മനിറഞ്ഞ മറിയമേ.. 1പിതാവിനും പുത്രനും....